3.	തൃശ്ശൂർ	-	25
4.	കോഴിക്കോട്	-	17
5.	കണ്ണൂർ	-	5

35 (591) കെ.എസ്.ഐ.ഇ. രൂപവൽക്കരണം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോൾഡിംഗ് കമ്പനിയായ കെ.എസ്.ഐ.ഇ. രൂപവൽക്കരിച്ചത് എന്തുദ്ദേശത്തോടുകൂടിയായിരുന്നു;

(ബി) ഈ കമ്പനിയുടെ കീഴിൽ കൊണ്ടുവന്നിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ 1999-ൽ അതിൽ നിന്ന് വേർപെടുത്തിയതായി അറിവുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം വേർപെടുത്തപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം പ്രാപ്തമാക്കുന്നതിനുള്ള കരുത്താർജ്ജിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1973-ൽ ആണ് കെ.എസ്.ഐ.ഇ. രൂപവൽക്കരിച്ചത്. ചെറിയ ഗവൺമെന്റ് കമ്പനികളുടെ പ്രവർത്തനം നിരീക്ഷിച്ച് അവയ്ക്ക് വഹിക്കുവാൻ പറ്റുന്ന തരത്തിലുള്ള ഉയർന്ന നിലവാരത്തിലുള്ള മാനേജ്മെന്റ് നൽകുന്നതിലൂടെ അവയുടെ ഉല്പാദനക്ഷമത കൂട്ടുക, ആവശ്യത്തിനുള്ള ധനസമ്പാദന മാർഗ്ഗങ്ങൾ കണ്ടെത്തുക, പ്രവർത്തന പുരോഗതി കൈവരിച്ച് ലാഭമുണ്ടാക്കുക, അങ്ങനെ സംസ്ഥാനത്തിന്റെ പുരോഗതിയിൽ പങ്കാളിയാകുന്നതിന് സർക്കാർ സ്ഥാപനങ്ങളെ സജ്ജീകരിക്കുക, ഈ ഉദ്ദേശത്തോടുകൂടിയാണ് ഹോൾഡിംഗ് കമ്പനിയായ കെ.എസ്.ഐ.ഇ. സ്ഥാപിച്ചത്.

(ബി) ഈ കമ്പനിയുടെ കീഴിലുണ്ടായിരുന്ന അഞ്ച് ഘടക കമ്പനികളേയും വേർപെടുത്തി സ്വതന്ത്ര സ്ഥാപനങ്ങളാക്കി.

(സി) കമ്പനികൾ സ്വതന്ത്ര യൂണിറ്റാകുന്നതോടുകൂടി കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും പുരോഗതിയും കൈവരിക്കുവാൻ സാധിക്കും എന്നുള്ള അഭിപ്രായമാണ് സ്വതന്ത്രമാക്കുവാനുണ്ടായ കാരണം.

(ഡി) ഹോൾഡിംഗ് കമ്പനിയിൽനിന്നും വിഘടിപ്പിച്ച കമ്പനികൾ നവീകരിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനുമുള്ള പല നിർദ്ദേശങ്ങളും പരിഗണിച്ചു നടപ്പാക്കിവരുന്നു. രണ്ട് കമ്പനികൾ യു.എൻ.ഡി.പി.യിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിവരുന്നു.

36 (592) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉല്പാദനം

ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഓരോയിനത്തിലുംപെട്ട എന്തു തുകയ്ക്കുള്ള മരുന്നുകൾ ഉല്പാദിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly